(സി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി എടുത്തു ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) കഴിഞ്ഞവർഷങ്ങളിൽ നടത്തിവന്നിരുന്ന കായ കൃഷി വർഷംതോറും നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും വെള്ളം വറ്റിക്കുന്നതിന്റെ അനിവാര്യമായ ചെലവിനെ പരിഗണിച്ചുമാണു്.

(ബി) ഉണ്ടു്.

(സി) പ്രസ്തുത നിവേദനങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ഡിസ്പെൻസറികൾ.

* 42. [46] ശ്രീ. ജോസഫ് മുണ്ടശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യമായി സ്ഥലം ഏർപ്പെടുത്തിത്തന്നാൽ ജനങ്ങളുടെ ആവശ്യമനുസരിച്ചു് ഡിസ്പെൻസറികൾ തുറന്നുകൊടുക്കുന്ന സമ്പ്രദായം ഗവണ്മെന്റു് ഒരു നയമായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ചേർപ്പു് നിയോജകമണ്ഡലത്തിൽ അന്നാടത്തു് മേൽപ്പറഞ്ഞ അടിസ്ഥാനത്തിൽ ഒരു ഡിസ്പെൻസറി തുറന്നുതരുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി എടുത്തു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഒരു സ്ഥലത്തു് ഡിസ്പെൻസറി ആവശ്യമാണെന്നു് ഗവണ്മെന്റിനു ബോദ്ധ്യമായാൽ പ്രസ്തുത സ്ഥലത്തെ ജനങ്ങൾ സ്ഥലവും കെട്ടിടവും സൗജന്യമായി വിട്ടുതന്നാൽ ഡിസ്പെൻസറികൾ അനുവദിക്കുക എന്ന തത്വം അംഗീകരിച്ചിട്ടുണ്ടു്.

(ബി) അന്നാടത്തു് ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടുവാൻ അപേക്ഷ കിട്ടിയിട്ടുണ്ടു്.

(സി) വൈദ്യസഹായ ക്രമീകരണത്തെപ്പറ്റി റിപ്പോർട്ടു സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ സുപാർശകൾ അറിയട്ടേ എന്നു് സർജൻ ജനറൽ അപേക്ഷകരെ അറിയിച്ചിട്ടുണ്ടു്.

ബസ്സുപകടങ്ങൾ.

* 43. [47] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 ജനുവരി മുതൽ മേയ്മാസം അവസാനം വരെ സ്റ്റേറ്റിൽ ആകെ എത്ര ബസ്സുപകടങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) എത്രപേർ മരണമടഞ്ഞിട്ടുണ്ടു്; പരുക്കേറ്റവരുടെ കണക്കെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇങ്ങിനെ മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം കിട്ടാൻ വ്യവസ്ഥയില്ലേ ;

(ഡി) ഉണ്ടെങ്കിൽ ആരാണ് കൊടുക്കേണ്ടത് ;

(ഇ) മുകുന്ദപുരത്ത് കോന്തിപുലം റോഡിൽ ഈയിടെ ഉണ്ടായ അതിദാരുണമായ ബസ്സപകടത്തിൽപ്പെട്ട് മൃതിയടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുത്തുകഴിഞ്ഞുവോ ;

(എഫ്) ബസ്സപകടങ്ങൾക്ക് ഏറിയകൂറും എന്താണ് കാരണങ്ങളായിറിപ്പോർട്ട ചെയ്തിട്ടുള്ളത് ;

(ജി) ഈ കാരണങ്ങൾ ഇല്ലായ്മ ചെയ്യാൻ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 89.

(ബി) മരണമടഞ്ഞവർ 17; പരുക്കേറ്റവർ 142

(സി) ഉണ്ട്.

(ഡി) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറ്.

(ഇ) ഇല്ല.

(എഫ്) സ്പീഡ് കൂടുതൽ, അനിയന്ത്രിതമായ ഡ്രൈവിംഗ്, റോഡിൻറെ സ്ഥിതി, വഴിയിൽ നടക്കുന്നവരുടെ അനാസ്ഥ എന്നിവയാണ് പ്രധാന കാരണങ്ങൾ.

(ജി) വഴിയിൽ പെട്ടെന്നുള്ള ചെക്കിംഗുകൊണ്ടും, സ്പീഡ് ട്രാപ്പ് ഉപയോഗിച്ചും ഓവർ സ്പീഡിലും അനിയന്ത്രിതവുമായി ഓടിക്കുന്നതിനെ കഴിയുന്നതും തടയുന്നുണ്ട്. കുറ്റം ചെയ്യുന്ന ഡ്രൈവർമാരുടെ മേൽ കോടതിമുഖാന്തിരവും ഡിപ്പാർട്ടുമെൻറ് മുഖേനയും കർശനനടപടികൾ എടുക്കുന്നുണ്ട്. പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറ് വളരെ അപകടകരമായ റോഡുവളവുകൾ വീതികൂട്ടുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ പോലീസ് കാൺസ്റ്റബിൾമാരെ നിർത്തി വാഹനഗതാഗതം നിയന്ത്രിക്കുന്നുമുണ്ട്.

കൃഷിനാശം.

* 44. [48] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം സംസ്ഥാനത്ത് പുഞ്ച-കോൾനിലങ്ങൾ വിളവ് എടുക്കാറായ സമയത്ത് മലവെള്ളം കയറി മുങ്ങിപ്പോയതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; എവിടെ നിന്നെല്ലാം ;

(ബി) മുകുന്ദപുരം താലൂക്കിൽ മൂരിയാട് കായലകത്ത് ഇങ്ങിനെ ഉദ്ദേശം എത്രയായിരം പറയ്ക്ക് മുങ്ങിപ്പോയിരിക്കും ;

(സി) മൂരിയാട് കായലകത്തെ കൃഷിനാശത്തെ സംബന്ധിച്ച് പരാതികൾ ഗവണ്മെൻറിനു് ആരിലെല്ലാം നിന്നു കിട്ടി ;

(ഡി) ഗവണ്മെൻറ് എന്തു നടപടിയാണ് ഇതിനകം എടുത്തു കഴിഞ്ഞിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly